**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **08-12-2022 - ൽ മറുപടിയ്ക്ക്**

**ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | (എ) | ജില്ലാതലത്തിൽ വിനോദ സഞ്ചാര വികസനം സാധ്യമാക്കുക, വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് ചുമതല, മേൽനോട്ടം, പരിപാലനം, പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക, വിനോദ സഞ്ചാര വകുപ്പ് ജില്ല തോറും നടത്തുന്ന പരിപാടികളുടെ സംഘാടനം തുടങ്ങിയവയാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഘടന, പ്രവർത്തനം എന്നിവ വിശദമാക്കുമോ; | (ബി) | 1955ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ. അതത് ജില്ലാ കലക്ടർമാരാണ് ഡി. ടി. പി. സിയുടെ ചെയർമാൻ. ഡി. ടി. പി. സിക്ക് രണ്ട് കമ്മിറ്റികളുണ്ട്: നിർവാഹക സമിതിയും ഭരണ സമിതിയും. ഡി. ടി. പി. സിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിർവഹിക്കുന്നത് ഡി.റ്റി.പി.സി. സെക്രട്ടറിയാണ്.<br><br>ജില്ലാതലത്തിൽ വിനോദ സഞ്ചാര വികസനം സാധ്യമാക്കുക, വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് ചുമതല, മേൽനോട്ടം, പരിപാലനം, പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക, വിനോദ സഞ്ചാര വകുപ്പ് ജില്ല തോറും നടത്തുന്ന പരിപാടികളുടെ സംഘാടനം തുടങ്ങിയവയാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രധാന പ്രവർത്തനങ്ങൾ. |

| | | | |
|---|---|---|---|
| (സി) | അവയുടെ പ്രധാന വരുമാന സ്രോതസ്സുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ? | (സി) | **വിനോദ സഞ്ചാര വകുപ്പ് നിർമിക്കുന്ന പാർക്കുകൾ, ഉദ്യാനങ്ങൾ തുടങ്ങിയ പദ്ധതികളിൽ നിന്നുള്ള ടിക്കറ്റ് നിരക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങളിൽ നിന്നുള്ള വരുമാനവുമാണ് ഡി. ടി. പി. സികളുടെ പ്രധാന വരുമാന സ്രോതസ്.** |

സെക്ഷൻ ഓഫീസർ